# പുറംവാതിൽ

ജെ. മണക്കുന്നേൽ

**അപ്പനോടു കടുപ്പിച്ചു പറയേണ്ടിവന്നു. "കുഴപ്പം നിങ്ങൾക്കാണ്"!! കഴിച്ച പാത്രം കഴുകാനോ, അണിഞ്ഞ വസ്ത്രം അലക്കാനോ, പറമ്പിലെ പുല്ല് പറിക്കാനോ, അടുക്കളയിലൊന്നു കയറാനോ, അരിയോ കറിയോ വയ്ക്കാനോ മകളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യാതെ പുന്നാരിച്ച് തലയിൽവച്ചു നടന്ന തന്തയ്ക്കും തള്ളയ്ക്കും ഇതുതന്നെ കിട്ടണം!!**

പതിനെട്ടിന്റെ പടിവാതില്ക്കലെത്തിയ പട്ടുപാവാടക്കാരിയോടാണു ചോദ്യം! അരിയെടുത്ത് ചോറുണ്ടാക്കാനറിയാമോ? അടുപ്പത്തിട്ട അരിയുടെ വേവു നോക്കാനറിയാമോ? അരമുറിത്തേങ്ങാ അരകല്ലിൽ അരച്ചൊരു ചമ്മന്തിയുണ്ടാക്കാനറിയാമോ? മുട്ട പൊട്ടിച്ച് ചട്ടിയിലിട്ട് ചട്ടുകം കൊണ്ട് അത് വട്ടത്തിൽ മൊരിക്കാനോ? തൊട്ടുകൂട്ടാനൊരു പൊട്ടക്കറിയെങ്കിലും തട്ടിക്കൂട്ടാനറിയാമോ? പെട്ടെന്നു വരുന്നൊരാൾക്കൊരു കട്ടൻകാപ്പിയെങ്കിലും ഇട്ടുകൊടുക്കാനോ? തെല്ലും കൂസലില്ലാതെ "ഇല്ലാ"യെന്ന ഒറ്റ ഉത്തരം മാത്രം എല്ലാറ്റിനും തന്ന അവളുടെ മുമ്പിൽ ഒരു വല്ലായ്മയോടെ ഞാൻ 'സുല്ലിട്ടു.'

അപ്പനൊപ്പം എത്തിയതാണാ പ്ലസ്ടുക്കാരി. ഫൈബർ ഫാക്ടറിയിൽ കൂലിപ്പണിക്കാരനായ അപ്പനാകെ അവശനാണ്. നിത്യേന കിട്ടുന്ന മുന്നൂറു രൂപകൊണ്ട് ജീവിതത്തിന്റെ രണ്ട് അറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ നന്നേ പാടുപെടുന്ന ആ പാവത്തിന്റെ പരുവം തന്നെ പരിതാപകരം! കാലൊടിഞ്ഞുകിടക്കുന്ന ഭാര്യയുടെ തലയിണക്കീഴിൽ തലേന്നു കടം വാങ്ങിവച്ച അഞ്ഞൂറുരൂപ അടിച്ചുമാറ്റി മുടിച്ചുകളഞ്ഞ 'മിടുക്കി'യെ പിടിച്ചപിടിയാലെ കൊണ്ടുവന്നതാണ് അപ്പൻ. വീട്ടാവശ്യത്തിനും മരുന്നിനും വച്ച പണം നീയെടുത്തോയെന്നു

## അടിച്ചുമാറ്റി മുടിച്ചു പൊടിക്കുന്നവർ

ചോദിച്ച അമ്മയോടവൾ തട്ടിക്കയറിയത്രേ! "ഇന്നു രാവിലെ വല്ലതും അമ്മയുണ്ടാക്കിയോ? എനിക്ക് സ്കൂളിലേക്ക് ഉച്ചയൂണിന് വല്ലതും തന്നോ?" അതിനെന്തിന് അഞ്ഞൂറുരൂപയെന്നു ചോദിച്ച അപ്പനോടവൾ അന്തസ്സായി പറഞ്ഞത്രേ. "ഹോട്ടലിൽ എനിക്ക് ഒറ്റയ്ക്ക് പോകാനൊക്കുമോ?" നാലുപേരുമൊത്ത് നന്നായിക്കഴിച്ചപ്പോൾ അഞ്ഞൂറങ്ങ് ആവിയായിപ്പോയി! മകളുടെ മയമില്ലാത്ത ധൂർത്തിന്റെ കഥകൾ വിവരിക്കവേ അപ്പന്റെ നിറഞ്ഞ കണ്ണുകൾ പെയ്തുവീഴ്ത്തിയത് കണ്ണീരല്ല, ചോരതന്നെയല്ലേ എന്നു തോന്നിപ്പോയി! അപ്പനമ്മമാരുടെ വിയർപ്പിന്റെ വിലയോ, വീടിന്റെ വിഷമതകളുടെ നിലയോ, കണ്ണീരിന്റെയും കഷ്പ്പാടിന്റെയും കഥയോ അറിയാതെ വളർത്തപ്പെട്ട ആ മകളെ നന്നായിയൊന്നു മെരുക്കാൻ നാലുമണിക്കൂറെടുത്തു. ഒടുക്കം അപ്പനോടു കടുപ്പിച്ചു പറയേണ്ടിവന്നു. "കുഴപ്പം നിങ്ങൾക്കാണ്"!! കഴിച്ച പാത്രം കഴുകാനോ, അണിഞ്ഞ വസ്ത്രം അലക്കാനോ, പറമ്പിലെ പുല്ല് പറിക്കാനോ, അടുക്കളയിലൊന്നു കയറാനോ, അരിയോ കറിയോ വയ്ക്കാനോ മകളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യാതെ പുന്നാരിച്ച് തലയിൽവച്ചു നടന്ന തന്തയ്ക്കും തള്ളയ്ക്കും ഇതുതന്നെ കിട്ടണം!!

"മെരുക്കാത്ത കുതിര ദുശാഠ്യം കാണിക്കും. ശിക്ഷണം ലഭിക്കാത്ത മക്കൾ തന്നിഷ്ടക്കാരാകും" (പ്രഭാ. 30:8).

കലമറിഞ്ഞേ അരിയിടാവൂ, വയററിഞ്ഞേ വിളമ്പാവൂ... കുറവറിയിച്ചേ കുഞ്ഞുങ്ങളെ വളർത്താവൂ. ചോറിനൊപ്പം ചൊല്ലും തല്ലും നൽകണം. ആഗ്രഹങ്ങൾക്ക് അന്തമുണ്ടാകില്ല. പക്ഷേ ആവശ്യമറിഞ്ഞേ വാങ്ങിക്കൊടുക്കാവൂ. കൊച്ചുളി ചുറ്റിക വരകൊണ്ടെല്ലാം കൊച്ചുന്നാൾ തൊട്ടേ പണിചെയ്ത ഉണ്ണീശോയ്ക്കൊത്ത് ഉണ്ണികളെ വളർത്താത്തവർക്ക് കണ്ണീരുണ്ണേണ്ടിവരും!

"അടിയും ശാസനവും ജ്ഞാനം പകർന്നുകൊടുക്കുന്നു. തന്നിഷ്ടത്തിനു വിട്ടിരിക്കുന്ന കുട്ടി അമ്മയ്ക്ക് അവമാനം വരുത്തിവയ്ക്കുന്നു" (സുഭാ. 29:15). ■

Printed & Published by Fr. Jose Thekkepurathu, Owned by Family Apostolate, Archbishop's House, Changanacherry, Phone: 0481 2424476, 2420349, Printed at Viani Printings, Ernakulam Phone: 0484 2401635. Chief Editor: Fr. Joseph Elanjimattom.